**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം. 68 | 03.12.2014 -ൽ മറുപടിയ്ക്ക്

<u>എംപ്ലോയ് മെന്റ് രജിസ്ട്രേഷൻ</u>

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. വർക്കല കഹാർ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. ആർ. സെൽവരാജ് | **ശ്രീ.ഷിബു ബേബി ജോൺ**<br>**(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി)** |
| (എ) എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കാൻ എന്തെല്ലാം അവസരങ്ങളാണ് നിലവിലുള്ളത്; വിശദമാക്കുമോ? | (എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് നിലവിലുള്ള നിയമപ്രകാരം 3 വർഷത്തിൽ ഒരിക്കൽ തങ്ങളുടെ രജിസ്ട്രേഷൻ പുതുക്കേണ്ടതായിട്ടുണ്ട്. നേരിട്ടോ, ദൂതൻ മുഖേനയോ തപാൽ മാർഗ്ഗമോ പുതുക്കാവുന്നതാണ്. ആയതിലേയ്ക്ക് പുതുക്കേണ്ട മാസവും തൊട്ടടുത്ത 2 മാസവും ഗ്രേസ് പീരീഡ് ആയി അനുവദിച്ചിട്ടുണ്ട്. പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് രജിസ്ട്രേഷൻ പുതുക്കുന്നതിന് ഒരു വർഷക്കാലയളവ് ഗ്രേസ് പീരീഡ് അനുവദിച്ചു വരുന്നു. യഥാസമയം പുതുക്കാൻ കഴിയാത്ത വികലാംഗ ഉദ്യോഗാർത്ഥികൾക്ക് രജിസ്ട്രേഷൻ പുതുക്കുന്നതിനായി രേഖാമൂലം അറിയിപ്പ് നൽകി, രജിസ്ട്രേഷൻ പുതുക്കുന്നതിന് അവസരം നൽകുകയും ചെയ്യുന്നു. കൂടാതെ രോഗം, പ്രസവം, കരുതൽ തടങ്കൽ/നിയമം അനുസരിച്ചുള്ള അറസ്റ്റ്, പ്രകൃതിക്ഷോഭം, വെള്ളപ്പൊക്കം മുതലായ കാരണങ്ങളാൽ രജിസ്ട്രേഷൻ പുതുക്കാൻ കഴിയാത്തവർക്ക് ബന്ധപ്പെട്ട അധികാരികളിൽ നിന്നും സാക്ഷ്യപത്രം ഹാജരാക്കി രജിസ്ട്രേഷൻ പുതുക്കാൻ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മാന്വലിൽ (NESM) വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ, രജിസ്ട്രേഷൻ സീനിയോറിറ്റിയോടുകൂടി പുതുക്കി നൽകുന്നതിന് എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിൽ നിന്നും |

അനുമതി നൽകി വരുന്നുണ്ട്.

(ബി) ഈ സർക്കാരിന്റെ കാലത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ വിവിധ കാരണങ്ങളാൽ രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതെ സീനിയോറിറ്റി നഷ്ടപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് അവരുടെ സീനിയോറിറ്റി നിലനിർത്തി രജിസ്ട്രേഷൻ പുതുക്കാൻ അനുമതി നൽകിയിട്ടുണ്ടോ;

(ബി) വിവിധ കാരണങ്ങളാൽ രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതെ സീനിയോറിറ്റി നഷ്ടപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് അവരുടെ സീനിയോറിറ്റി നിലനിർത്തി, രജിസ്ട്രേഷൻ പുതുക്കുവാൻ ഈ സർക്കാരിന്റെ കാലത്ത് 4 (നാല്) തവണ അനുമതി നൽകിയിട്ടുണ്ട്.

(സി) ഏത് കാലയളവിലെ രജിസ്ട്രേഷനുകൾക്കാണ് പ്രസ്തുത ആനുകൂല്യം ലഭ്യമാകുന്നത് ;

(സി) 01.01.1993 മുതൽ 21.06.2014 വരെയുള്ള കാലയളവിൽ, വിവിധ കാരണങ്ങളാൽ രജിസ്ട്രേഷൻ റദ്ദായവർക്ക് പുതുക്കുന്നതിന് അവസരം നൽകി ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത പ്രശ്ങ്ങൾ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ ?

(ഡി) വിവിധ കാരണങ്ങളാൽ രജിസ്ട്രേഷൻ റദ്ദായവർക്ക് സീനിയോറിറ്റിയോടുകൂടി പുതുക്കുന്നതിന് സർക്കാർ വിവിധ കാലയളവിൽ പ്രത്യേക പുതുക്കൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവുകൾ നടപ്പിലാക്കുന്നതിനോടനുബന്ധിച്ച് സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിൽ നിന്നും കാലാകാലങ്ങളിൽ സർക്കുലറുകൾ മുഖേന സബ് ഓഫീസുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഓരോ ദിവസവും കിട്ടുന്ന അപേക്ഷകളിന്മേൽ അതാത് ദിവസം തന്നെ നടപടി സ്വീകരിച്ച് സീനിയോറിറ്റി പുന:സ്ഥാപിച്ചു നൽകണമെന്നും നിയമാനുസൃതം സെലക്ട് ലിസ്റ്റുകളിൽ ഉൾപ്പെടുത്താനും നിർദ്ദേശം നൽകിയിട്ടുണ്ട്. സർക്കാർ സൗജന്യ പുതുക്കൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള വിവരം സംസ്ഥാനതലത്തിലും മേഖലാ തലത്തിലും ജില്ലാ തലത്തിലും എല്ലാ ദൃശ്യശ്രവ്യ മാധ്യമങ്ങളിലൂടെയും മറ്റും നിരന്തരം പ്രാദേശികമായി പരമാവധി പ്രചാരണം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ